

ഡോ. സ്കറിയ സക്കറിയ

എതിരാളികൾ ഉൾപ്പെടുന്ന ടീം

'Team of Rivals'


ഇത് അബ്രഹാം ലിങ്കന്റെ ജീവിത കഥ പുതുമയോടെ പറയുന്ന ബൃഹദ്ഗ്രന്ഥം. ഡോറിസ് ഗുഡ്‌വിൻ എന്ന വനിത രചിച്ച 916 പുറമുള്ള പുസ്തകം (2005) അമേരിക്കയിലെ ഇല്ലിനോയിസ് സംസ്ഥാനത്തിന്റെ തലസ്ഥാനവും ലിങ്കൺ നഗരവുമായ സ്പ്രിംഗ് ഫീൽഡിൽ വച്ചാണ് ശ്രദ്ധയിൽപ്പെട്ടത്. അമേരിക്കൻ പ്രസിഡണ്ടു തെരഞ്ഞെടുപ്പു കാലത്ത്, ഹാർവാർഡ്, കോർണൽ, സിറാക്കസ് എന്നീ അമേരിക്കൻ സർവ്വകലാശാലകളിലൂടെയുള്ള അക്കാദമിക്ക് സഞ്ചാരത്തിനിടയിൽ യുവാക്കൾ ലിങ്കണെക്കുറിച്ചു നടത്തിയ പുതുമയുള്ള പരാമർശങ്ങളാണ് എന്നെ സ്പ്രിംഗ് ഫീൽഡിലേക്കു നയിച്ചത്.

അമേരിക്കൻ സർവ്വകലാശാലകളിലെ യുവജനസംസ്ക്കാരത്തിന്റെ സവിശേഷത, അവിടെ പ്രകടമാകുന്ന ആത്മവിശ്വാസവും പരിവർത്തന ദാഹവുമാണ്. നയിക്കപ്പെടാൻ വേണ്ടി കാത്തിരിക്കുന്ന പടക്കുട്ടമോ ആട്ടിൻ കൂട്ടമോ അല്ല യുവജനങ്ങൾ. തിരിച്ചറിവുകൾ തുറന്നു പറയാനും പ്രായോഗികമാക്കാനും അവർ തുനിയുന്നു. പ്രസിഡണ്ടു തിരഞ്ഞെടുപ്പുകാലത്ത് യുവാക്കൾ തുടരെ ലിങ്കണെക്കുറിച്ചു സംസാരിച്ചത് എന്തുകൊണ്ട് ? ഈ കൗതുകം എന്നെ സ്പ്രിംഗ് ഫീൽഡിൽ എത്തിച്ചു. വഴകാട്ടിയായി അനുജന്റെ മകനും യുവചരിത്രാധ്യാപകനുമായ മാർട്ടിൻ കൂടെയുണ്ടായിരുന്നു. മാർട്ടിന്റെ വിശദികരണങ്ങൾ കുറെ പ്രയോജനപ്പെട്ടു. ലിങ്കൺ 2008ൽ അമേരിക്കയിൽ ലഭിച്ച പരിഗണനയ്ക്കു പലകാര്യങ്ങളുണ്ടാകും അവയിൽ ഒന്ന് ബരാക് ഒബാമ ലിങ്കൺ സ്മരണയോടു കാട്ടിയ ആദരവാണ്. ഒബാമ പ്രസിഡണ്ടാകുമ്പോൾ ലിങ്കൺന്റെ സ്വപ്നം നിറവേറുന്നു എന്നൊരു ഭാഷ്യം പ്രചരിപ്പിച്ചിരുന്നു. 2009 ലിങ്കന്റെ 200-ാം ജന്മദിനവാർഷികമാണെന്നതു മറ്റൊരുകാര്യം. അതുകൊണ്ട് പുസ്തകശാലകളിൽ വേണ്ടുവോളം വിഭവങ്ങൾ എത്തിയിരുന്നു. ലിങ്കൺ സ്മാരകങ്ങൾക്ക് അമേരിക്കയിൽ ക്ഷാമമില്ല. ലിങ്കന്റെ സ്വന്തം നഗരം എന്നു വിശേഷിപ്പിക്കാവുന്ന സ്പ്രിംഗ്ഫീൽഡാണ് പ്രധാന സ്ഥലം അവിടെയാണ് 1860 വരെ അദ്ദേഹം സകുടുംബം താമസിച്ചിരുന്നത് അവർ താമസിച്ചിരുന്ന വീട് അതേ മട്ടിൽ ഇന്നും സംരക്ഷിച്ചിരിക്കുന്നു. മാർഗ്ഗദർശിയുടെയും മാർട്ടിന്റെയും സഹായത്തോടുകൂടി ആ കൊച്ചുവീടിനുള്ളിൽ നടത്തിയ സന്ദർശനം വലിയൊരു പഠനാനുഭവ

മായിരുന്നു. കെന്റക്കിയിലെ കാട്ടുപ്രദേശത്തു ഒരു ചെറുകുടിലിൽ ജനിച്ചു വളർന്ന എബ്രഹാം ലിങ്കൺ എന്ന ബാലൻ സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ സൗകര്യങ്ങളില്ലാതെ പഠിച്ചുവളർന്നു സ്പ്രിംഗ്ഫീൽഡിലെത്തി ഇടത്തരം വക്കീലായി കഴിഞ്ഞതിന്റെ ഓർമ്മകൾ ഈ വീട്ടിൽ തങ്ങി നിൽക്കുന്നു. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടശേഷമാണ് 1860ൽ ഇവിടെ നിന്നു വാഷിംഗ്ടണിലേക്കു താമസം മാറ്റിയത്. 1865ൽ ലിങ്കൺ വധിക്കപ്പെട്ടു. അമേരിക്കൻ ആഭ്യന്തരയുദ്ധത്തിൽ വിഘടനവാദികളെ തോല്പിച്ച് അടിമകളുടെ മോചന വിളംബരം പുറപ്പെടുവിച്ചശേഷം ഉല്ലാസഭരിതനായിരിക്കുമ്പോഴാണ് നാടകശാലയിൽ വച്ച് ലിങ്കൺ വധിക്കപ്പെട്ടത്. മൃതദേഹം സ്പ്രിംഗ്ഫീൽഡിൽ കൊണ്ടു വന്നു സംസ്ക്കരിച്ചു. ലിങ്കന്റെ കബറിടം ഇന്ന് ആയിരക്കണക്കിന് സന്ദർശകരുള്ള ദേശീയമായ സ്മാരകമാണ്. സ്പ്രിംഗ്ഫീൽഡിലെ ഏറ്റവും ശ്രദ്ധേയമായ ലിങ്കൺ സ്മാരകം ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്ന ലിങ്കൺ മ്യൂസിയമാണ്. മ്യൂസിയം സാധാരണ നിലയിൽ ചരിത്രാനുഭവമാണ് നൽകുക. എന്തോ ലിങ്കൺ മ്യൂസിയത്തിൽ ചരിത്രത്തോടൊപ്പം സമകാലിക ജീവിതത്തിനുള്ള സന്ദേശങ്ങൾ കൂടി പകർന്നു കിട്ടി എന്നതാണ് പുതുമയാർന്ന അനുഭവം.

ലിങ്കന്റെ പ്രശസ്തമായ ഗെറ്റിസ് ബർഗ് പ്രഭാഷണമുണ്ടല്ലോ, അതിന്റെ സമകാലിക ഭാഷ്യം അവിടെ വച്ചു കിട്ടിയത് സവിശേഷാനുഭവമായി. ചെറുപ്പത്തിൽ മിഡിൽ സ്ക്കൂളിൽ വച്ചു അദ്ധ്യാപകന്റെ പ്രോത്സാഹനത്തിൽ ഹൃദിസ്ഥമാക്കിയ ഗെറ്റിസ് ബർഗ് പ്രഭാഷണം ചരിത്രത്തിലൂടെ എങ്ങനെ വർത്തമാനകാലത്തേക്കു സഞ്ചരിച്ചെത്തുന്നു എന്നത് എനിക്ക് വിസ്മയകരമായ തിരിച്ചറിവായിരുന്നു. 'അമേരിക്കൻ സ്വപ്നം' എന്ന സങ്കല്പത്തിൽ നിന്നു ഊർജ്ജം ഉൾക്കൊണ്ട് ലിങ്കൺ ഉരുവിട്ട വാക്കുകൾ ഇന്നു ദേശീയവും മാനസികവുമായ സ്വപ്നങ്ങളുള്ളവരെയെല്ലാം ശക്തീകരിച്ചു കൊണ്ടു ഭാവിയിലേക്കു കുതിക്കുന്നു.

ഡോറിസ് ഗുഡ്വിന്റെ ടീം ഓഫ് റൈവൽസ് എന്ന തടിയൻ പുസ്തകം ലിങ്കന്റെ ജീവിതം അവതരിപ്പിക്കുന്നതു അദ്ദേഹത്തിന്റെ പ്രതിയോഗികളായി റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിത്വത്തിനു



വേണ്ടി മത്സരിച്ച മൂന്നു പ്രമുഖരുടെ ജീവിതവും ചിന്തകളും വിസ്തരിച്ചുകൊണ്ടാണ്. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മൂന്നു പ്രതിയോഗികളെയും ക്യാബിനറ്റിൽ ഉൾപ്പെടുത്തി. മറ്റു മൂന്നു സ്ഥാനങ്ങൾ എതിർകക്ഷിയായ ഡെമോക്രാറ്റിക് പാർട്ടിയിലെ മൂന്നു പ്രമുഖർക്കു നൽകി. ഇവിടെ ജീവചരിത്രകാരി എടുത്തു പറയുന്ന ഒരു കാര്യമുണ്ട്. എതു നിലയ്ക്കു നോക്കിയാലും ലിങ്കനെക്കാൾ പഠിപ്പും പ്രശസ്തിയും ഭരണപരിചയവും ഉള്ളവരായിരുന്നു പ്രതിയോഗികൾ. അവർ തന്നെ തന്റെ ക്യാബിനറ്റിൽ ഉണ്ടാകണം എന്ന് ശഠിച്ച രാഷ്ട്രീയ ആത്മഹത്യയ്ക്കു ഒരുങ്ങുന്നു എന്നാണ് നിരീക്ഷകർ വിലയിരുത്തിയത്. സ്വന്തം പരിമിതികളും എതിരാളികളുടെ കഴിവുകളും തിരിച്ചറിഞ്ഞ ലിങ്കണാകട്ടെ അവരുടെ മികവുകൾ ഭരണത്തിന്റെ ഭാഗമാക്കാൻ തീരുമാനിച്ചു. അസാധാരണ തന്റേടം വേണം ഇത്തരം തീരുമാനമെടുക്കാൻ, ലിങ്കൺ ക്യാബിനറ്റിലെ അംഗങ്ങൾ അഹംഭാവത്തിലും മിക

ച്ചവരായിരുന്നു. സഹപ്രവർത്തകരുടെ അഹംഭാവം (ego) രാഷ്ട്രീയവിഭവമാക്കാൻ ലിങ്കണു കഴിഞ്ഞു. താൻകേമൻ ഭാവക്കാരുടെ ജയിച്ചേ അടങ്ങൂ എന്ന വാശിയുണ്ടല്ലോ, അതു ആഭ്യന്തരയുദ്ധം ഐക്യനാടുകൾക്കു അനുകൂലമാക്കാനും, അടിമകൾക്കു മോചനം നൽകാനും ലിങ്കൺ പ്രയോജനപ്പെടുത്തി. താൻകേമൻ ഭാവക്കാരെ ചരിത്രം ചവറ്റുകൊട്ടയിലേക്കു തള്ളുകയാണ് പതിവ്. ജീവിതകാലത്തു സ്തുതിപാഠകരെകൊണ്ടു പൊതുപ്പണം മുടക്കി സ്വന്തം പേരിൽ സ്മാരകങ്ങളുണ്ടാക്കുന്നവർ ഇന്നു വിരളമല്ല. അവരെ ചരിത്രം എങ്ങനെ വിധിയെഴുതുന്നു എന്ന് നമുക്കറിയാം എന്നാൽ ലിങ്കൺ അഹംഭാവികളായ പ്രതിയോഗികളെ രാഷ്ട്രശില്പികളായി പരിവർത്തിപ്പിച്ചു. ഇതാണ് മാനേജ്മെന്റ് വിദ്യ. അസാധാരണമായ നേതൃത്വപ്രഭാവം. ഇതിന്റെ വിവരണവും വിശദീകരണവും വ്യാഖ്യാനവുമാണ് 'ടീം ഓഫ് റൈവൽസ്' എന്ന ഗ്രന്ഥം.

സ്വന്തം എതിരാളികളെ സഹകാരികളാക്കാൻ കഴിഞ്ഞ എബ്രഹാം ലിങ്കന്റെ സർഗ്ഗാത്മക പ്രതിഭയെ (Creative Genius) പുതിയ സാഹചര്യത്തിൽ പുനർ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ് ബരാക് ഒബാമ ഹിലാരി ക്ലിന്റൺന്റെ നിയമനം ഓർമ്മിക്കുക. ബന്ധങ്ങളിലെ മുറിവുകൾ നിത്യശത്രുതയുടെ വ്രണങ്ങളാക്കാതെ, സഹപ്രവർത്തകരുടെ വീഴ്ചകൾ സ്വന്തം ഉത്തരവാദിത്വമായി ഏറ്റെടുത്ത് നേട്ടങ്ങൾ എല്ലാവരുമായി പങ്കുവച്ച് അഞ്ചു വർഷം അമേരിക്കയെ ദുർഘടഘട്ടത്തിലൂടെ നയിച്ച അബ്രഹാം ലിങ്കന്റെ ജീവിതകഥ സമസ്ത ജീവിത മണ്ഡലങ്ങളിലുള്ളവർക്കും പ്രചോദനകരമാണ്. അമേരിക്കൻ പ്രസിഡണ്ട് എന്ന നിലയിൽ തനിക്കുള്ള അധികാരങ്ങളും ചുമതലകളും തിരിച്ചറിഞ്ഞു സഹപ്രവർത്തകരുടെ കയ്യിൽ ഒരു പാവയാകാതെ എല്ലാവരെയും ഏകോപിപ്പിച്ച നേതൃത്വമാണ് പ്രശംസിക്കപ്പെടുന്നത്. വകതിരിവ്, ഔദാര്യം, സഹാനുഭൂതി, സത്യസന്ധത, വിനയം, ആത്മവിശ്വാസം ഇവയെല്ലാം ഒത്തിണങ്ങിയപ്പോൾ എബ്രഹാം ലിങ്കൺ ഒരു രാഷ്ട്രീയ പ്രതിഭയും ധാർമ്മികഗുരുവുമായി വളർന്നു. കൂട്ടുകക്ഷി ഭരണം അവസരവാദവും പ്രീണനവുമായി തരംതാഴാതെ സാഹസിക സത്യാന്വേഷണ പരീക്ഷണമാക്കാൻ ജനാധിപത്യ രാജ്യങ്ങൾ വ്യഗ്രതപ്പെടുന്ന കാലത്തു ഈ മാതൃക ഏറെ പ്രസക്തമാണ്.

'ലിങ്കൺ സൂര്യപ്രഭയാണ്. സീസറും നെപ്പോളിയനും വാഷിംഗ്ടണുമെല്ലാം നിലാവുമാത്രം... അമേരിക്കയെക്കാൾ വലുതാണ് ലിങ്കൺ. ലോകാവസാനത്തോളമുണ്ടാകും ലിങ്കന്റെ കീർത്തി'

സാമ്പത്തിക മാന്ദ്യത്തിന്റെ വിറകൊള്ളുന്ന ലോകത്തിനുമുണ്ട് ലിങ്കന്റെ ജീവിത സന്ദേശം. പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വ ഭാഗത്തുണ്ടായ മാന്ദ്യങ്ങളിലൂടെ കടന്നു വന്ന വ്യക്തിയാണ് ലിങ്കൺ. തുടക്കം മുതൽ ഒടുക്കം വരെ ദാരിദ്ര്യനിർമ്മാർജ്ജനത്തിലും പൊതുസേവനപ്രവർത്തനങ്ങളിലും ബാങ്കിംഗിലും സർക്കാരിനു നിർണ്ണായകപങ്കാളിത്തമുണ്ടായിരിക്കണം എന്നു ലിങ്കൺ വാദിച്ചിരുന്നു. അന്നന്നയപ്പവും പാർപ്പിടവും തൊഴിലുമില്ലാതെ അലയേണ്ടിവന്ന ബാല്യകൗമാരങ്ങളുടെ നൊമ്പരങ്ങൾ രാഷ്ട്രീയ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഒരു വിഷാദരാഗമായി ലിങ്കന്റെ ജീവിതാദർശങ്ങളെ ചിട്ടപ്പെടുത്തിയിരുന്നു. അതുകൊണ്ടാവണം ലിങ്കണെ വെറുമൊരു മനുഷ്യനായിട്ടല്ല മഹാത്മാവും പ്രവാചകനും ഗുരുവുമായിട്ടാണ് കഴിഞ്ഞ ഒന്നര നൂറ്റാണ്ടായി ലോകം കാണുന്നത്. ലിങ്കൺന്റെ നൂറാം ജന്മദിനത്തിൽ (1909) ലിയോടോൾസ്റ്റോയി പറഞ്ഞു:

'ലിങ്കൺ സൂര്യപ്രഭയാണ്. സീസറും നെപ്പോളിയനും വാഷിംഗ്ടണുമെല്ലാം നിലാവുമാത്രം.... അമേരിക്കയെക്കാൾ വലുതാണ് ലിങ്കൺ. ലോകാവസാനത്തോളമുണ്ടാകും ലിങ്കന്റെ കീർത്തി'